**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6711** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഡി.ജി.ഇ.യിലെ ഉച്ചഭക്ഷണ വിഭാഗം, എസ്.എസ്.കെ സംസ്ഥാന ഓഫീസ് എന്നിവിടങ്ങളിലെ സാമ്പത്തിക ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ ഉച്ചഭക്ഷണ വിഭാഗം, എസ്.എസ്.കെ സംസ്ഥാന ഓഫീസ് എന്നിവിടങ്ങളിൽ നടന്ന സാമ്പത്തിക ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര രൂപയുടെ ക്രമക്കേടാണ് ഉണ്ടായിട്ടുള്ളതെന്നും എങ്ങനെയാണ് ക്രമക്കേട് നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; ആരൊക്കെയാണ് കുറ്റക്കാരെന്നും അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉച്ചഭക്ഷണ വിഭാഗത്തിൽ നടന്ന സാമ്പത്തിക ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 27,76,241/- രൂപയുടെ ക്രമക്കേടാണ് ഉച്ചഭക്ഷണ വിഭാഗത്തിലെ മുൻ ക്ലാർക്കായിരുന്ന ശ്രീ.ദിലീപ് ഡി ദിനേശ് നടത്തിയത്. മേലധികാരികളുടെ അറിവോ കൃത്യമായ ഓഫീസ് നടപടി ഉത്തരവുകളോ ഇല്ലാതെ പദ്ധതിയുടെ ധനവിനിയോഗ ഇടപാടുകൾക്കായി ഉപയോഗിക്കുന്ന കാനറാ ബാങ്കിന്റെ സി.എസ്.എസ് പോർട്ടലിൽ വ്യാജമായ രേഖപ്പെടുത്തലുകൾ നടത്തി പി.പി.എ (Print Payment Advice) ജനറേറ്റ് ചെയ്ത് വ്യാജ ഒപ്പിട്ട് ബാങ്കിൽ നേരിട്ട് സമർപ്പിച്ചാണ് ടിയാൻ ക്രമക്കേട് നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ ക്രമക്കേട് കണ്ടെത്തിയ ഉടൻ തന്നെ ടിയാനെ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്യുകയും മ്യൂസിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട് (ക്രൈം നം. 736/2024). ടിയാനെതിരെ വകുപ്പ് തല നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>എസ്.എസ്.കെ.സംസ്ഥാന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഓഫീസിലെ ക്യാഷ് സെക്ഷന്റെ ചുമതലയുണ്ടായിരുന്ന സെക്ഷൻ ക്ലാർക്ക് ശ്രീമതി. അനുഷ സി.ആർ ട്രഷറിയിൽ അടയ്ക്കുന്നതിനായി ബാങ്കിൽ നിന്നും പിൻവലിച്ച തുക ട്രഷറിയിൽ അടയ്ക്കാതിരിക്കുകയും കോഴിക്കോട് ജില്ലാ ഓഫീസിനായി അനുവ ദിച്ച തുക, സ്വന്തം അക്കൗണ്ട് നമ്പർ എഴുതി ചേർത്ത് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. ഇങ്ങനെ സ്വന്തം അക്കൗണ്ടിലേക്ക് മാറ്റിയ 3,87,748/- (മൂന്ന് ലക്ഷത്തി എൺപത്തിയേഴായിരത്തി എഴുനൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) രൂപയുൾപ്പെടെ ആകെ 19,70,898 \|- (പത്തൊൻപത് ലക്ഷത്തി എഴുപതിനായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി എട്ട് രൂപ) രൂപയുടെ ക്രമക്കേട് നടത്തിയതായാണ് കണ്ടെത്തിയിട്ടുള്ളത്. ക്രമക്കേട് ശ്രദ്ധയിൽപ്പെടുകയും കണ്ടെത്തിയ മുഴുവൻ തുകയും ടിയാരി എസ്.എസ്.കെ.യുടെ അക്കൗണ്ടിലേക്ക് തിരികെ അടക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ടിയാരിയുടെ അന്യത്രസേവനം റദ്ദുചെയ്ത് മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുകയും കുറ്റാരോപണപത്രിക നൽകി ടിയാരിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാരിയെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുള്ളതും നിലവിൽ ടിയാരി സസ്പെൻഷനിൽ തുടർന്നുകൊണ്ടിരിക്കുന്നതുമാണ്. |

(ബി) പബ്ലിക് ഫണ്ട് മോണിറ്ററിംഗ് സിസ്റ്റം (പി.എഫ്.എം.എസ്.) മുഖേന നടക്കുന്ന പണമിടപാടിൽ ഒരു സെക്ഷൻ ക്ലാർക്കിന് മാത്രമായി ക്രമക്കേട് നടത്താനാകുമോ; വിശദമാക്കുമോ;

(ബി) പബ്ലിക് ഫണ്ട് മോണിറ്ററിംഗ് സിസ്റ്റം (പി.എഫ്.എം.എസ്.) മുഖേന നടക്കുന്ന പണമിടപാടിൽ ഒരു സെക്ഷൻ ക്ലാർക്കിന് മാത്രമായി ക്രമക്കേട് നടത്താനാകും. PFMS ൽ രണ്ട് തലത്തിലുള്ള ലോഗിനുകൾ ആണ് ഉള്ളത്. ഇതിലെ രണ്ട് ലോഗിനുകളും പാസ്സ് വേർഡുകളും ലഭിച്ചാൽ ഇത്തരത്തിൽ ക്രമക്കേട് നടത്താനാകുന്നതാണ് മേലുദ്യോഗസ്ഥരുടെ പേരിൽ ആരംഭിച്ച ഡമ്മി ലോഗിനുകൾ ഉപയോഗിച്ചും ഇവരുടെ വ്യാജ ഒപ്പുകൾ രേഖപ്പെടുത്തിയുമാണ് ഇത്തരത്തിൽ ശ്രീ.ദിലീപ് ഡി ദിനേശ് 27,76,241/- രൂപ തന്റെ അക്കൗണ്ടിലേക്ക് വകമാറ്റിയിട്ടുള്ളത്.

(സി) കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ ഡി.ജി.ഇ. യിലെ നൂൺ മീൽ വിഭാഗത്തിൽ നിന്നും എത്ര ജീവനക്കാർ വിവിധ പ്രോഗ്രാമുകൾക്കായി മുൻകൂർ തുകകൾ കൈപ്പറ്റിയിട്ടുണ്ട് എന്നതിന്റെ വിശദാംശം പട്ടികയായി നൽകുമോ; ഇതിൽ എത്ര രൂപ ഇനിയും സെറ്റിൽ ചെയ്യാനുണ്ടെന്നും തുക സെറ്റിൽ ചെയ്യാനുള്ളവരുടെ പേര് വിവരവും ലഭ്യമാക്കുമോ; പ്രസ്തുത വിഷയങ്ങളിൽ ധനകാര്യ പരിശോധന വിഭാഗം, വിജിലൻസ് എന്നിവരെക്കൊണ്ട് അന്വേഷിപ്പിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി) കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ നൂൺ മീൽ വിഭാഗത്തിൽ നിന്നും എത്ര ജീവനക്കാർ വിവിധ പ്രോഗ്രാമുകൾക്കായി മുൻകൂർ തുകകൾ കൈപ്പറ്റിയിട്ടുണ്ട് എന്നതിന്റെ വർഷം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമനം | വർഷം | അഡ്വാൻസ് കൈപ്പറ്റിയ .ജീവനക്കാരുടെ എണ്ണം | വീവിധ പരിപാടികൾക്കായി ജീവനക്കാർക്ക് അനുവദിച്ച അഡ്വാൻസ് തുക (ആകെ) |
|---|---|---|---|
| 1 | 2017-18 | 8 | 990000 |
| 2 | 2018-19 | 8 | 1300000 |
| 3 | 2019-20 | 15 | 2558000 |
| 4 | 2020-21 | 4 | 175000 |
| 5 | 2021-22 | 7 | 1240000 |
| 6 | 2022-23 | 12 | 1925125 |
| 7 | 2023-24 | 11 | 1500000 |

അഡ്വാൻസ് തുക സെറ്റിൽ ചെയ്യാനുള്ളവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | അഡ്വാൻസ് സെറ്റിൽ ചെയ്യാനുള്ള ജീവനക്കാരുടെ വിവരം | അഡ്വാൻസ് സെറ്റിൽ ചെയ്യാനുള്ള തുക (രൂപയിൽ) |
|---|---|---|
| 1 | ദിലീപ് ഡി ദിനേശ്, ക്ലാർക്ക് | 120000 |

| | | | |
|---|---|---|---|
| | | | ശ്രീ.ദിലീപ് ഡി ദിനേശ് നിലവിൽ സസ്പെൻഷനിലാണ്. ടിയാൻ ഉച്ചഭക്ഷണ വിഭാഗത്തിൽ ജോലി ചെയ്തിരുന്ന വേളയിൽ നടത്തിയിരുന്ന ക്രമക്കേട് സംബന്ധിച്ച് ടിയാനെതിരെ വകുപ്പ് തല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ